# പൗൾട്രി കോംപ്ലക്സ് ഉദ്ഘാടനം

തിരുവനന്തപുരം

26.05.2010.

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പടുത്തുയർത്തിയിരിക്കുന്ന പൗൾട്രി കോംപ്ലക്സിന്റെ ഉദ്ഘാടനം അതീവസന്തോഷത്തോടെ നിർവ്വഹിച്ചതായി അറിയിക്കുന്നു. മികച്ച കോഴിയിറച്ചി വിഭവങ്ങളും അപ്പവുമെല്ലാം കിട്ടുന്ന നല്ലൊരു റസ്റ്റാറന്റ്, കോഴികളെ രോഗങ്ങളിൽനിന്ന് രക്ഷിക്കുന്നതിനുള്ള മരുന്നുകൾ വിൽക്കുന്ന ന്യായവിലഷാപ്പ്, കോഴികൃഷിക്കാർക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്രം എന്നിവയടങ്ങിയ ഈ കോംപ്ലക്സ് നമ്മുടെ സംസ്ഥാനത്ത് കോഴിവളർത്തൽ മേഖലയിൽ വമ്പിച്ച പുരോഗതിയുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് കോഴിയിറച്ചിയുടെയും മുട്ടയുടെയും ഡിമാന്റ് അനുദിനം വർധിക്കുകയാണ്. എന്നാൽ അതു രണ്ടും മറ്റ് സംസ്ഥാന ങ്ങളിൽനിന്ന് ധാരാളമായി ഇറക്കുമതി ചെയ്യേണ്ട ദുരവസ്ഥയിലാണ് നാം. കോഴികടത്തും നികുതിവെട്ടിച്ച് കോഴി കടത്തും മുൻഭരണ കാലത്ത് വലിയ കോലാഹലം സൃഷ്ടിച്ച കാര്യം ഓർക്കുക. ലക്ഷക്കണക്കിനു രൂപയുടെ കോഴിക്കോഴ അന്ന് നടന്നു. മറ്റ് സംസ്ഥാ നങ്ങളിൽനിന്ന് കൊണ്ടുവരുന്ന കോഴികളുടെ ആരോഗ്യസ്ഥിതിതന്നെ സംശയാസ്പദമായിരിക്കാം. അതിവേഗം വളരുന്നതിനും തൂക്കം കൂട്ടി ക്കാണിക്കുന്നതിനും മരുന്ന് കുത്തിവെക്കുന്ന അവസ്ഥവരെയുണ്ട്.

നമ്മുടെ സംസ്ഥാനത്തേക്കാവശ്യമായ കോഴിയിറച്ചി നമുക്ക്തന്നെ ഉല്പാദിപ്പിക്കാൻ പ്രയാസമില്ല. ഗ്രാമീണതൊഴിലില്ലായ്മക്ക്

വലിയൊരളവോളം അറുതിവരുത്താൻ കോഴിവളർത്തൽ പ്രയോജന പ്പെടും. തൊഴിലും വരുമാനവും പരിശുദ്ധമായ ഇറച്ചിയും ലഭ്യ മാക്കാൻ അതാണ് പോംവഴി.

പൗൾട്രി വികസന കോർപ്പറേഷൻ ഇക്കാര്യത്തിൽ കാണിക്കുന്ന ശുഷ്ക്കാന്തി അഭിനന്ദനാർഹമാണ്. മുമ്പ് നഷ്ടത്തിലും കെടുകാര്യ സ്ഥതയിലുമായിരുന്ന കോർപ്പറേഷൻ അതിൽനിന്ന് രക്ഷപ്പെട്ടിരി ക്കുന്നു. കാർഷികോല്പാദന വർധനക്കായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച സമഗ്രപദ്ധതിയിൽ പ്രധാനപ്പെട്ട ഊന്നൽ നൽകിയ ഒരു മേഖലയാണ് കോഴിവളർത്തലും മുട്ടയുല്പാദനവും. കഴിഞ്ഞ നാല് കൊല്ലമായി ഇക്കാര്യത്തിൽ വലിയ പുരോഗതിയാണുണ്ടായത്. മുട്ടയുൽപാദനത്തിൽ 33 ശതമാനത്തിന്റെ വർധനയുണ്ടായിരി ക്കുന്നു. 2006ൽ 120 കോടി മുട്ടയാണുത്പാദനമെങ്കിൽ ഇന്നത് 161 കോടിയോളമായിരിക്കുന്നു. അതുപോലെ കോഴിഇറച്ചിയുല്പാദ നത്തിൽ 19 ശതമാനത്തിന്റെ വർധനയുണ്ടായി. ഇതുകൊണ്ടായില്ല. നമ്മുടെ സംസ്ഥാനത്തേക്കാവശ്യമായ കോഴിമുട്ടയും കോഴിയിറ ച്ചിയും പൂർണമായും ഇവിടെത്തന്നെയുണ്ടാക്കാൻ കഴിയണം. പൗൾട്രി വികസന കോർപ്പറേഷൻ അതിനായി ഉത്സാഹിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഇടതുപക്ഷ ജനാധിപത്യമുന്നണി നാല് വർഷം പൂർത്തിയാക്കുന്ന വേളയിലാണ് പൗൾട്രി കോംപ്ലക്സ് ഉദ്ഘാടനം ചെയ്യുന്നത്. ഭക്ഷ്യോല്പാദനത്തിൽ കേരളത്തെ പുരോഗതിയിലേക്ക് നയിക്കുന്ന തിനാണ് സർക്കാർ ഏറ്റവും ശ്രദ്ധപതിപ്പിച്ചത്. നെല്ലുല്പാദനം അമ്പത് ശതമാനമെങ്കിലും വർധിപ്പിക്കുക, പാൽ, മുട്ട, ഇറച്ചി, പച്ചക്കറി എന്നിവയിൽ സ്വയംപര്യാപ്തമാക്കുക എന്നതാണ് ലക്ഷ്യം.

അക്കാര്യത്തിൽ വമ്പിച്ച മുന്നേറ്റമാണുണ്ടാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ സാർവത്രികമായി അംഗീകരിക്കപ്പെട്ടു. പാലുല്പാദനത്തിൽ പ്രതിദിനം അമ്പതിനായിരം ലിറ്റർ വർധിച്ചു. ക്ഷീരകർഷകർക്ക് പെൻഷനും പാലിന് വർധിച്ച വിലയും ലഭ്യമാക്കാൻ കഴിഞ്ഞു. കുളത്തൂപ്പുഴ യിലും മാട്ടുപ്പെട്ടിയിലും ഹൈടെക് ഡയറി ഫാമുകൾ തുടങ്ങാൻ നടപടിയെടുത്തു. അങ്ങനെ എടുത്തുപറയാൻ ഏറെ നേട്ടങ്ങൾ. ഇത് കൂടുതൽ ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ എല്ലാവരുടേയും സഹകരണമുണ്ടാകണം.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അഞ്ചാം വർഷത്തി ലേക്ക് കടന്നിരിക്കുകയാണ്. ക്ഷേമനടപടികളുടെ കാര്യത്തിലും വികസനപ്രവർത്തനങ്ങളുടെ കാര്യത്തിലും കാർഷിക-വ്യാവസായി കോത്പാദനം വർധിപ്പിക്കുന്ന കാര്യത്തിലും പുതിയ വികസന സംരംഭങ്ങളുടെ കാര്യത്തിലുമെല്ലാം മുമ്പെന്നത്തേക്കാളും വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞ നാലു വർഷമാണ് പിന്നിടുന്നത്. ഈ അടിത്തറയിൽനിന്നുകൊണ്ട് എല്ലാമേഖലയിലും കൂടുതൽ പുരോഗതി കൈവരിക്കുന്നതിനുള്ള കർമപദ്ധതി ആവിഷ്കരിച്ചുകൊണ്ടാണ് അഞ്ചാം വർഷത്തിലേക്ക് കടക്കുന്നത്. ഈ മുന്നേറ്റത്തിന് എല്ലാവരു ടേയും ആത്മാർത്ഥ സഹകരണമുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

നന്ദി, നമസ്ക്കാരം...